കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കക്കോടി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:..........................................

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.16.143/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

തീയതി 12.03.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

കക്കോടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കക്കോടി ഗ്രാമ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കക്കോടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി 16/143/2019 തിയ്യതി:12.03.2019

## കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.9.2017 മുതൽ 31.3.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് മാവേലി പുത്തൻവീട്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.1.2019 മുതൽ 2.2.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഇ. വി. ഹരി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പി. എ. വിനോദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. എ. കെ. ഷൈന | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എ. ഇസൈഡ്. ഡാനിഷ് | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. കെ. ചോയിക്കുട്ടി | 1.4.2017 മുതൽ 31.3.2018വരെ |
| സെക്രട്ടറി | ശ്രീ. ബി. ബാബുപ്രസാദ് | 1.4.2017 മുതൽ 31.3.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ജീന കെ. സി | 1.4.2017മുതൽ 31.3.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ആർ. ബിന്ദു | 1.4.2017മുതൽ 31.3.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. പി. ജി. സുനിൽകുമാർ | 1.4.2017മുതൽ 23.1.2018 വരെ |

| | | |
|---|---|---|
| | ശ്രീ. എൻ. ശൈലേന്ദ്രൻ | 24.1.2018മുതൽ 31.3.2018വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. നസീമ | 1.4.2017മുതൽ 31.3.2018വരെ |
| ഐ. സി. ഡി. എസ് . സൂപ്പർവൈസർ | ശ്രീമതി. സി. കെ. ഗീത | 1.4.2017മുതൽ 31.3.2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ബിന്ദു | 1.4.2017മുതൽ 31.3.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. പി. രജീഷ്<br>ശ്രീമതി. സുസ്മിത<br>ശ്രീ. ഇ. അരുൺ | 1.4.2017മുതൽ 29.12.2017വരെ<br>10.1.2018മുതൽ 31.3.2018വരെ<br>1.4.2017മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ, പി. എച്ച്. സി | ഡോ. ചിത്രാ മുകുന്ദൻ | 1.4.2017മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ജയാന. എ. എ | 1.4.2017മുതൽ 31.3.2018വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ഒ.കെ. സാദിക്ക് | 1.4.2017മുതൽ 31.3.2018വരെ |

<u>ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.


| ഭാഗം-1പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | ആഭ്യന്തര നിയന്ത്രണം |

| | |
|---|---|
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത – നികുതി നഷ്ടമാകുന്നു. |
| ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പെൻഷൻ അംശദാനം അടയ്ക്കാൻ നടപടി വേണം |
| 3-2 | ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്ത ചെലവുകൾ തടസ്സപ്പെടുത്തുന്നു. |
| 3-3 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് – ആവശ്യമായ തുക വകയിരുത്തിയില്ല |
| 3-4 | അടിസ്ഥാനസൗകര്യങ്ങളില്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു. |
| 3-5 | പണം മുൻകൂർ നൽകി – മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയില്ല. |
| 3-6 | മാനദണ്ഡത്തിന് വിരുദ്ധമായി മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകി. 25000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 3-7 | ഓഡിയോ സിസ്റ്റം വാങ്ങൽ – അധികമായി അനുവദിച്ച 1645 രൂപ നിരാകരിക്കുന്നു. |
| 3-8 | ഇന്റർനെറ്റ് കണക്ഷൻ ലഭിച്ചില്ല. വാങ്ങിയ ഉപകരണങ്ങൾ പാഴാകുന്നു. |
| 3-9 | പെഡഗോജി പാർക്ക് നിർമ്മാണം – അപാകതകൾ |
| 3-10 | തൊഴിൽ രഹിത വേതനവിതരണം മാതൃകാപരം. |
| 3-11 | റെസ്റ്റോറേഷന് ചാർജ്ജ് ഈടാക്കിയില്ല. |

| | |
|---|---|
| 3-12 | സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. |
| 3-13 | ഗ്രാമകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് മുൻപ് ഗ്രാമകേന്ദ്രങ്ങളിലേയ്ക്ക് ഫർണിച്ചർ വാങ്ങി |
| 3-14 | നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ നൽകിയത് പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല. |
| 3-15 | പൊതുമരാമത്ത് പ്രവൃത്തി ബില്ലിൽ നിന്ന് നികുതി ഈടാക്കുന്നത് സംബന്ധിച്ച്. |
| 3-16 | റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു. |
| 3-17 | ഭവനശ്രീ അക്കൗണ്ട് തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് |
| 3-18 | വനിതാ വ്യവസായകേന്ദ്രം പ്രവർത്തിക്കുന്നില്ല. |
| 3-19 | തൊഴിലുറപ്പ് പദ്ധതി അവലോകനം |
| 3-20 | പൊതുമരാമത്ത് പ്രവൃത്തികൾ – ആസൂത്രണത്തിലെയും പദ്ധതി നടത്തിപ്പിലെയും പോരായ്മകൾ |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |

| | |
|---|---|
| 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 14.3.2017 തീയതിയിലെ 31 / 2017 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 5.6.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 17.6.2018, 28.6.2018 | കെ.എസ്.എ.കെ.കെ.ഡി.ഇ2./1111/2018 (18) തീയതി. 16.7.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,05,69,715.57 |
| വരവ് | 8,50,03,993.00 |

| | |
|---|---|
| ആകെ | 9,55,73,708.57 |
| ചെലവ് | 9,31,48,289.00 |
| നീക്കിയിരിപ്പ് | 24,25,419.57 |

## 1-5 ഫണ്ട് വിനിയോഗം ( ACR പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 19676813 | 19676813 | 14490786 | 5186027 |
| വികസനഫണ്ട് എസ്.സി.പി. | - | 9163910 | 9163910 | 7883155 | 1280755 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | - | 12507891 | 12507891 | 11725813 | 782078 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 5545891 | 5545891 | 3969352 | 1576539 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 10131534 | 10131534 | 10107420 | 24114 |
| കെ.എൽ.ജി.എസി.ജി.ഡി.പി | - | 5065730 | 5065730 | 3759315 | 1306415 |
| MNREGS | 144270 | 13065876 | 13210146 | 13179210 | 30936 |
| ബി. ഫണ്ട് | - | 65118580 | 65118580 | 65118580 | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 289 | 96242438 | 200 | 60254272 | 78 | 11 | 69 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| MNREGS – തൊഴിലാളികളുടെ കൂലി | - | 12026286 | 12026286 | 12026286 | - |
| MNREGS – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 144270 | 1039590 | 1183860 | 1152924 | 30936 |
| ആകെ | 144270 | 13065876 | 13210146 | 13179210 | 30936 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 135120 | 233 |
| കർഷക തൊഴിലാളി പെൻഷൻ | 6738800 | 553 |
| വിധവാ പെൻഷൻ | 16445500 | 1377 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 32105400 | 2431 |
| വികലാംഗ പെൻഷൻ | 4548600 | 414 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3606800 | 306 |
| വിവാഹ ധനസഹായം | 930000 | 31 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.1.2019 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

വ്യക്തമായ ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചിട്ടയായ ഓഫീസ് പ്രവർത്തനം സാധ്യമാകുന്നുണ്ട്. രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തനങ്ങളിൽ ഫലപ്രദമായ നിയന്ത്രണം സാധ്യമാകുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.5.2018 | മാർച്ച് 2018 | PAU 1/Kakkodi 5/2018 തീയതി 28.5.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.7.2009 മുതൽ 23.7.2009 വരെ | 2004-05 മുതൽ 2008-09 വരെ | LBA HQ 111/8A 1448/481 തീയതി 21.8.2009 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

കക്കോടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ച് ഈ ഓഫീസിലെ കെ. എസ്.എ.കെ.കെ.ഡി.ഇ2./1111/2018 (18) തീയതി 16.7.2018 പ്രകാരം സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ സാക്ഷ്യപത്രത്തിൽ പരാമർശിച്ച മുഴുവൻ അപാകതകളും ഗ്രാമ പഞ്ചായത്ത് പരിഹരിച്ചിട്ടുണ്ട്. മേൽ സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന അപാകത നിലനിൽക്കുന്നു.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.5 – സെക്യൂർഡ് ലോൺസ്- എന്ന ഹെഡിൽ Loan from Rural Development Board (RDB) എന്ന ഇനത്തിൽ 6,08,696 രൂപ അവശേഷിക്കുന്നു. Rural Development Board (RDB) എന്ന സ്ഥാപനം ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഈ ഇനത്തിൽ മേൽ പ്രകാരമുള്ള ബാധ്യത അവശേഷിക്കുന്നില്ല. ഈ ബാധ്യത വാർഷിക കണക്കുകളിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത - നികുതി നഷ്ടമാകുന്നു

പഞ്ചായത്തിലെ 2017-18 വസ്തുനികുതി അസസ്മെന്റ്, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ചില കെട്ടിടങ്ങൾക്ക് കംപ്ളീഷൻ പ്ലാൻ പ്രകാരമുള്ള മൊത്തം വിസ്തൃതിക്കനുസരിച്ച് നികുതി കണക്കാക്കിയിട്ടില്ലാത്തതിനാൽ നികുതിയിൽ കുറവുണ്ടായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടം | ഈടാക്കിയ നികുതി | കംപ്ലീഷൻ പ്ലാൻ പ്രകാരം ഈടാക്കേണ്ട നികുതി | കുറവ്(വസ്തുനികുതി+ |
|---|---|---|---|
| 18/1A,B,C,D<br>4ഫ്ലാറ്റുകൾ | 279 X 4 =1116 | 280.79X5-10%ഇളവ്+5% LS =1327 | 1327-1116 = 211<br>2017-18 ഒന്നാം അർദ്ധ വർഷം മുതൽ |
| 16/248D,E,F,G<br>4 ഷോപ്പുകൾ | 737+978+391+2461 =4567 | 98.64X50+5% LS<br>= 5179 | 5179-4567=612<br>2017-18 രണ്ടാം അർദ്ധ വർഷം മുതൽ |
| 17/51A,C,E,F<br>4 ഷോപ്പുകൾ | 4472+2908+5578<br>2908 = 15866 | 282.29X60-10%ഇളവ്+5% LS<br>= 16006 | 16006-15866= 140<br>2017-18 രണ്ടാം അർദ്ധ വർഷം മുതൽ |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല, തൻവർഷം അസസ് ചെയ്ത മുഴുവൻ കെട്ടിടങ്ങളുടെയും അസസ്മെന്റ് പരിശോധിച്ച് ഇത്തരത്തിൽ നികുതി ചോർച്ചയുണ്ടായിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പെൻഷൻ അംശദാനം അടയ്ക്കാൻ നടപടി വേണം

കക്കോടി ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചപ്പോൾ ജീവനക്കാർക്ക് 20.01.2016 ലെ സർക്കാർ ഉത്തരവ് നം. 7/2016, ഖണ്ഡിക 48 (1) പ്രകാരം 2014 ലെ ശമ്പള പരിഷ്കരണം അനുവദിച്ചപ്പോഴും വാർഷിക വർദ്ധനവ് അനുവദിച്ചപ്പോഴും അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി പെൻഷൻ അംശദാനം അടച്ചതായി കാണുന്നില്ല. കുടിശിക നൽകിയ വൗച്ചറുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| വൌച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|
| 21700078 | 20.04.17 | 26497 |
| 21700181 | 01.06.17 | 20057 |
| 21700540 | 03.11.17 | 317576 |

| | | |
|---|---|---|
| 21700706 | 04.06.18 | 55125 |

പഞ്ചായത്തിലെ മുഴുവൻ ജീവനക്കാർക്കും ഇത്തരത്തിൽ അടിസ്ഥാന ശമ്പളം വർദ്ധിപ്പിച്ചു നൽകുമ്പോൾ,കേരള സർവ്വീസ് റൂൾ പ്രകാരം വർദ്ധിച്ച അടിസ്ഥാന ശമ്പളത്തിന്റെ 15 ശതമാനം അംശദാനം സർക്കാരിൽ അടയ്ക്കാൻ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ് ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് ഏൻക്വയറിക്ക് (22/1-2-2019) മറുപടി ലഭിച്ചില്ല.

## 3-2 ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത ചെലവുകൾ തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും സംഭാവനകൾ നൽകിയിട്ടുണ്ട് എന്നാൽ സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കിയ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ഓഡിറ്റ് ഏൻക്വയറി(23/1-2-19) നൽകിയിട്ടും, ഹാജരാക്കിക്കാണുന്നില്ല വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| വൌച്ചർ നം,തീയ്യതി | തുക | സ്വീകരിച്ച ഏജൻസി |
|---|---|---|
| 21700541,04.11.17 | 1500 | ജില്ലാസാക്ഷരതാമിഷൻ |

ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-3 മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- ആവശ്യമായ തുക വകയിരിത്തിയില്ല

പദ്ധതിയുടെ പേര്: ശാരീരിക /മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം,

അടങ്കൽ :1322500 ( വികസനഫണ്ട് 700000, ബ്ലോക്ക് പഞ്ചായത്ത് 247500, ജില്ലാ പഞ്ചായത്ത് 375000,)

ചെലവ്: 973950(700000,വികസനഫണ്ട്, 200000 ബ്ലോക്ക് പഞ്ചായത്ത്,73950 ജില്ലാപഞ്ചായത്ത് )

ബിൽ നം, തിയ്യതി: 6, 22/3/2018

കക്കോടി ഗ്രാമപഞ്ചായത്തിൽ ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മാനസീക വെല്ലുവിളികൾ

നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പ്രൊജക്റ്റിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ 61 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുകയുണ്ടായി 3-4-17 ലെ സർക്കാർ ഉത്തരവ് (MS) നമ്പർ 80/17 തസ്വഭവ ഇത്തരവിലെ ഖണ്ഡിക 10.3 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത ഇനത്തിൽ പ്രതിമാസം ആയിരം രൂപ വീതവും വസ്ത്രത്തിനും,പഠന സഹായിക്കും, ഉല്ലാസ യാത്രയ്ക്കും വാർഷികമായി യഥാക്രമം 1500, 2000, 1000 രൂപയും സാമ്പത്തിക സഹായം നൽകാമെന്ന് പറയുന്നു.

എന്നാൽ ബന്ധപ്പെട്ട ഫയൽ, വൗച്ചറുകൾ എന്നിവ പരിശോധിച്ചപ്പോൾ സ്കോളർഷിപ്പ് ഇനത്തിലുള്ള 1000 രൂപയും വസ്ത്രത്തിനുള്ള 1500 രൂപയും അടക്കം 13500 രൂപ മാത്രമെ നൽകിയതായി കാണുന്നുള്ളു. ഒരു കുട്ടിക്ക് പരമാവധി 28500നൽകേണ്ടതിന് പകരം 13500 രൂപ മാത്രമെ അനുവദിച്ചിട്ടുള്ളു സ്കോളർഷിപ്പ് ഇനത്തിലും ബത്തയിനത്തിലും അനുവദിച്ച തുക നൽകിയത് 2018 മാർച്ച് മാസത്തിലാണ് .

മേൽ സർക്കാർ ഉത്തരവിലെ ഖണ്ഡിക 10.4 പ്രകാരം മാനസീക,ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പിന് ആവശ്യമായ തുക വകയിരുത്തിക്കൊണ്ടുള്ള പ്രൊജക്റ്റ് എല്ലാ തദ്ദേശ സ്ഥാപനങ്ങളും എറ്റെടുക്കണമെന്നും, പ്രതിമാസ സ്കോളർഷിപ്പ് /ബത്ത എന്നിവ വർഷത്തിൽ 12 മാസവും നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ ടി നിബന്ധനകൾ പാലിക്കുന്നതിൽ ഗ്രാമ പഞ്ചായത്തിന് വീഴ്ച വന്നിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വകയിരുത്തിയ 375000 രൂപയിൽ 73950 രൂപയും ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയ 247500 രൂപയിൽ രണ്ട് ലക്ഷം രൂപയും മാത്രമേ ചെലവഴിച്ചുള്ളു. ജില്ലാ ബ്ലോക്ക് പഞ്ചായത്തിൽ നിന്നു ലഭിച്ച ഫണ്ട് പോലും ഈ ഇനങ്ങൾക്കായി ചെലവഴിക്കാത്തത് ഭരണസമിതിയുടെ പദ്ധതി ആസൂത്രണത്തിലെയും നിർവഹണത്തിലെയും മോണിറ്ററിംഗിന്റെയും പോരായ്മയാണ്. ഇത്തരം അപാകതകൾ വരും വർഷത്തിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 <u>അടിസ്ഥാന സൗകര്യങ്ങളില്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു</u>

കക്കോടി ഗ്രാമപഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന 33 അങ്കണവാടികളിൽ ചിലത് അടിസ്ഥാന സൗകര്യങ്ങളില്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള (നം 1/28-01-19) മറുപടിയിൽ ഐ സി ഡി എസ് സൂപ്പർവൈസർ വ്യക്തമാക്കിയിട്ടുണ്ട് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

1. പതിനേഴാം വാർഡിൽ, കക്കോടിയിൽ 19 കുട്ടികൾ പഠിക്കുന്ന അങ്കണവാടിയിൽ സ്വന്തമായി കെട്ടിടം, വെള്ളം , വൈദ്യുതി, ടൊയ്ലറ്റ് എന്നിവ ഇല്ല

2. വെള്ളത്തിന്റെ ലഭ്യതയില്ലാത്ത 11 അങ്കണവാടികൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു

3. ഉപയോഗപ്രദമായ ടൊയ്ലറ്റ് സൗകര്യമില്ലാത്ത മൂന്ന് അങ്കണവാടികൾ പ്രവർത്തിക്കുന്നു എന്നത് ഗൗരവമുള്ള അപാകതയാണ്

അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ചുമതലകളിൽ ഒന്നാണ് മേൽ അപാകതകൾ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു.

## 3-5 പണം മുൻകൂർ നൽകി-മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയില്ല.

പ്രൊജക്ടിൻെറ പേര് – പെയിൻ ആൻഡ് പാലിയേറ്റീവ്

പ്രോജക്ട് നമ്പർ – 123/18

നിർവ്വഹണഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ PHC

ബിൽനമ്പർ ,തീയ്യതി – 1/17-18 21.11.17,2/17-18 15.03.18

വികസനഫണ്ട് (പൊതുവിഭാഗം) അടങ്കൽ – 520000/-

മെഡിക്കൽ ഓഫീസറുടെ 27.03.2018ലെ ഓർഡർ നമ്പർ 92/18 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ ലിമിറ്റഡിന് 90,000/-രൂപ മരുന്നിനും ഹോംകെയർ കിറ്റിനും എയർബെഡ്ഡിനുമായി നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയ്യതി വരെ 8789 രൂപയുടെ മരുന്നും കിറ്റുകളും മാത്രമാണ് ലഭ്യമായത്. ബാക്കി മരുന്നും കിറ്റുകളും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നറിയിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണകുറിപ്പിന് 2/17-18 ന് കാരുണ്യഫാർമസിയിലേക്ക് അയച്ച കത്തുകളുടെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകളും ഉപകരണങ്ങളും സമയബന്ധിതമായി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 മാനദണ്ഡത്തിന് വിരുദ്ധമായി-മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകി, 25000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രൊജ. നമ്പർ – 276,മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നിർവ്വഹണം – ഹെഡ്മാസ്റ്റർ

അടങ്കൽ – 75000 (വികസന ഫണ്ട് )

ചെലവ് – 25000

ബിൽ നമ്പർ. – 8/17-18 തിയ്യതി 9/3/18,6/17 -18 തിയ്യതി 16/1/18

കക്കോടി ഗ്രാമപഞ്ചായത്തിൽ ഹെഡ്മാസ്റ്റർ നിർവ്വണം നടത്തിയ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക്

സ്കോളർഷിപ്പ് നൽകൽ പദ്ധതിയുടെ വൗച്ചറുകൾ പരിശോധിച്ചപ്പോൾ ജെ.ഡി.റ്റി ഇസ്ലാം സെന്ററിൽ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് മൂന്നാം വർഷ വിദ്യാർത്ഥിയായ ശ്രീ. രാഹുൽരാജിന് 25000 രൂപ സ്കോളർഷിപ്പ് നൽകിക്കാണുന്നു. എന്നാൽ സർക്കാർ ഉത്തരവ് (ഏം എസ്) നമ്പർ 80/2017 തസ്വഭവ തിയ്യതി 3/4/2017 പ്രകാരമുള്ള പദ്ധതിമാർഗരേഖ ഖണ്ഡിക 11.8(2) പ്രകാരം സംസ്ഥാന സർക്കാരോ, സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും, കേന്ദ്ര സംസ്ഥാന തല പ്രവേശന പരീക്ഷയിൽ യോഗ്യത നേടി പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് കാലാവധി വരെയുള്ള അക്കാഡമിക്ക് വർഷത്തിൽ എഞ്ചിനീയറിംഗ് കോഴ്സിന് 20000 രൂപയും മറ്റെല്ലാ കോഴ്സുകൾക്കും 15000 രൂപയും സ്കോളർഷിപ്പ് നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീ രാഹുൽ രാജ് പഠിക്കുന്ന സ്ഥാപനമായ ജെ.ഡി.റ്റി ഇസ്ലാം സെന്ററിൽ കേന്ദ്ര,സംസ്ഥാന തല പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകി നടത്തുന്ന എൻജിനീയറിംഗ് കോഴ്സ് അല്ല നടത്തുന്നത്. ടി സെന്ററിൽ നടത്തുന്ന കോഴ്സ് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ഡിപ്ലോമയാണ്, ആയത് കേന്ദ്ര, സംസ്ഥാന തല പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്ന കോഴ്സുമല്ല, ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക്(26-2/2/19) മറുപടി ലഭിച്ചിട്ടില്ല ആയതിനാൽ മാനദണ്ഡങ്ങൾ ലംഘിച്ച് ശ്രീ. രാഹുൽരാജിന് അനുവദിച്ച 25000 രൂപ തടസ്സപ്പെടുത്തുന്നു.

## **3-7** <u>ഓഡിയോ സിസ്റ്റം വാങ്ങൽ-അധികമായി അനുവദിച്ച **1647** രൂപ നിരാകരിക്കുന്നു</u>

പ്രൊജ. നമ്പർ – 275,പടിഞ്ഞാറ്റുമുറി ഗവ.യു.പി സ്കൂളിന് ഓഡിയോ സിസ്റ്റം വാങ്ങൽ

നിർവ്വഹണം – ഹെഡ്മാസ്റ്റർ

അടങ്കൽ – 75000 (മെയ്ന്റനൻസ് ഫണ്ട്)

ചിലവ് – 43075

ബിൽ നമ്പർ – 10/17-18 തിയ്യതി 28/3/18

28/11/2017 ലെ ടെണ്ടർ നോട്ടീസ് പ്രകാരം പടിഞ്ഞാറ്റു മുറി ഗവ. യു.പി സ്കൂളിന് ഓഡിയോ സിസ്റ്റം വാങ്ങുന്ന പ്രൊജക്റ്റിന് ടെണ്ടർ ക്ഷണിച്ചതിനെ തുടർന്ന് നാല് കമ്പിനികൾ ടെണ്ടറിൽ പങ്കെടുത്തു. ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ശ്രീ. കെ.പി പ്രദീപ് സ്പീക്കർ, ആമ്പ്ലിഫയർ,മൈക്ക് വിത്ത് സ്റ്റാന്റ്,വയർലെസ് മൈക്ക് എന്നീ ഉപകരണങ്ങൾക്ക് 32275 രൂപ ക്വാട്ട് ചെയ്തു. ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യുന്നതിന് മീറ്ററിന് 60 രൂപയും ക്വാട്ട് ചെയ്തു മേൽ നിരക്ക് പ്രകാരം ടിയാന് ടെണ്ടർ ഉറപ്പിച്ചു നൽകുകയും ചെയ്തു

മേൽ ഉപകരണങ്ങൾ വിതരണം ചെയ്ത വകയിൽ (ഇൻവോയിസ് നമ്പർ 47 തിയ്യതി 20/3/2018) 33920 രൂപയുടെ ബിൽ സമർപ്പിക്കുകയും ടി തുക കരാറുകാരന് അനുവദിക്കുകയും ചെയ്തു. കരാർ പ്രകാരം

32275 രൂപ അനുവദിക്കുന്നതിന് പകരം 33925/- രൂപ അനുവദിച്ചത് വഴി ശ്രീ പ്രദീപിന് 1645 രൂപ അനർഹമായി ലഭിച്ചു. ഈ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. മാത്രമല്ല ഓഡിയോ സിസ്റ്റം ഇൻസ്റ്റാൾ ചെയ്തതിന് 9152 രൂപയും ഇതിന് പുറമേ അനുവദിച്ചു, ടെണ്ടർ നിബന്ധന പ്രകാരം ഇസ്റ്റാളേഷൻ ചാർജ്ജ് മീറ്ററിന് 60 രൂപ നിരക്കിൽ മാത്രമാണ് നൽകേണ്ടത്. എത്ര മീറ്റർ പ്രവൃത്തി ചെയ്തു എന്ന് തെളിയിക്കുന്ന ആധീകാരീക രേഖകൾ ഒന്നും ഇല്ലാതെയാണ് 9152 രൂപ അനുവദിച്ചത് ഇക്കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഏൻക്വയറിക്ക്( 20/1-2-19) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ 9152 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-8 ഇൻറർനെറ്റ് കണക്ഷൻ ലഭിച്ചില്ല- വാങ്ങിയ ഉപകരണങ്ങൾ പാഴാകുന്നു

പ്രൊജ.നം – 132,തുടർസാക്ഷരത

നിർവ്വഹണം – ഹെഡ്മാസ്റ്റർ

അടങ്കൽ – 100000 (തനത് ഫണ്ട് )

ചെലവ് – 91900

ചെക്ക് നം. – 801303 തിയ്യതി 22/3/18,801304 തിയ്യതി 22/3/2018

കക്കോടി ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം തുടർ സാക്ഷരതാ പദ്ധതിയിൽ പ്രേരക്മാർക്കുള്ള ശമ്പളം പഠിതാക്കൾക്കുള്ള ഫീസ്, സ്റ്റഡി മെറ്റീരിയൽസ്, ഇന്റർനെറ്റ് കണക്ഷൻ സ്ഥാപിക്കൽ ഇനങ്ങൾക്ക് മൊത്തം 91900 രൂപ ചെലവഴിച്ചു. ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന് ആവശ്യമുള്ള ഉപകരണങ്ങളായ വയർലെസ്സ് മോഡം,ലാൻഡ് ഫോൺ എന്നിവ ഇൻവോയിസ് 455 തിയ്യതി 23/3/2018 പ്രകാരം 2600 രൂപ മുടക്കി ഓറഞ്ച് കമ്പ്യൂട്ടേഴ്സ് കക്കോടി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി. ടി ഉപകരണങ്ങൾക്ക് ഒരു വർഷ വാറണ്ടിയാണ് സ്ഥാപനം നൽകുന്നത് എന്ന് ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2018 മാർച്ച് മാസത്തിൽ ഉപകരണങ്ങൾ വാങ്ങിയെങ്കിലും ഇതുവരെ നെറ്റ് കണക്ഷൻ എടുക്കാത്തതിനാൽ വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഏൻക്വയറിക്ക് (19/I-2-19) മറുപടി ലഭിച്ചില്ല വാറണ്ടി കാലത്ത് ഉപകരണം കേടായാൽ സൗജന്യമായി റിപ്പയർ തരാനുള്ള സാധ്യത ഇത് കാരണം ഇല്ലാതായി. മാത്രമല്ല നെറ്റ് കണക്ഷൻ ലഭ്യമാകുന്നതിന് മുൻപ് ഉപകരണങ്ങൾ വാങ്ങിവെച്ച നടപടിയും അംഗീകരിക്കാനാവില്ല. ഈയിനത്തിലുള്ള ചെലവ് 2600 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-9 പെഡഗോജി പാർക്ക് നിർമ്മാണം- അപാകതകൾ

പ്രൊജ നം. - 278, പടിഞ്ഞാറ്റമുറി ജി യു പി സ്കൂളിൽ പെഡഗോജി പാർക്ക് നിർമ്മാണം

നിർവ്വഹണം – ഹെഡ്മാസ്റ്റർ

അടങ്കൽ – 100000 (വികസന ഫണ്ട് )

ചെലവ് – 100000

ബിൽ നം. – 4,5/17-18 തിയ്യതി 28/9/2017

കക്കോടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പടിഞ്ഞാറ്റമുറി ജി യു പി സ്കൂളിൽ പെഡഗോജി പാർക്ക് നിർമ്മിച്ചതുമായി ബന്ധപ്പെട്ട ചെലവിന്റെ വൗച്ചർ,ഹാജരാക്കിയ അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതൾ താഴെ കൊടുക്കുന്നു

1. Ball Swing,Merigo Round, Sea Saw എന്നീ കുട്ടികളുടെ കളിയുപകരണങ്ങൾ സ്ഥാപിക്കുക എന്നതാണ് പ്രൊജക്റ്റിലൂടെ നടപ്പിലാക്കിയത്. മേൽ പ്രവൃത്തികൾ എൻജിനീയറിംഗ് സെക്ഷന്റെ മേൽ നോട്ടത്തിൽ ചെയ്യേണ്ട പദ്ധതിയാണ്. ആയത് ഹെഡ്മാസ്റ്ററെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ച് നടപ്പിലാക്കിയത് ശരിയായ നടപടിയല്ല.

2. ബന്ധപ്പെട്ട ടെണ്ടർ നോട്ടീസ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല,ലഭ്യമായ രേഖകളിൽ നിന്ന് അനിൽ കുമാർ,PWD കോൺട്രാക്ടർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചത് സിംഗിൾ ടെണ്ടർ ആയിരുന്നിട്ടും നെഗോഷിയേറ്റ് ചെയ്യാതെയാണ് കരാറുകാരന് വർക്ക് നൽകിയത്

3. പെഡഗോജി പാർക്ക് എന്ന പദ്ധതിയ്ക്ക് ആവശ്യമായ ഉപകരണങ്ങളും, സംവിധാനങ്ങളും വിദ്യാഭ്യാസ വിദഗ്ദരുമായി ആലോചിച്ച് പ്രൊജക്റ്റ് തയ്യാറാക്കി നടപ്പിലാക്കുന്നതിന് പകരം കുട്ടികൾക്ക് കളിക്കാനുള്ള സാധാരണ പാർക്കാണ് നിർമ്മിച്ചിട്ടുള്ളത്

മേൽ വ്യക്തമാക്കിയ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/1-2-19) മറുപടി ലഭിച്ചിട്ടില്ല ചെലവഴിച്ച തുക 100000 രൂപ തടസ്സപ്പെടുത്തുന്നു

## **3-10** <u>തൊഴിൽ രഹിത വേതനവിതരണം മാതൃകാപരം</u>

2017-18 വർഷത്തിൽ തൊഴിൽ രഹിത വേതനം ഇനത്തിൽ 233 ഗുണഭോക്താക്കൾക്കായി 135120രൂപ ചെലവഴിച്ചിട്ടുണ്ട്.ജി.ഒ.(പി) 23/98/തൊഴിൽ തീയതി, 28-5-1998 പ്രകാരം പ്രതിവർഷ വരുമാനം 12000 രൂപയിൽ അധികരിച്ചാൽ തൊഴിൽ രഹിത വേതനത്തിന് അർഹതയില്ല .നിലവിൽ തൊഴിൽചെയ്യാൻ സന്നദ്ധരായ എല്ലാവർക്കും തൊഴിൽ ലഭ്യമാക്കാനുതകുന്ന വിധത്തിൽ തൊഴിലുറപ്പ് പദ്ധതിയടക്കമുള്ള നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നുണ്ട്. എന്നിരുന്നിട്ടും പ്രതിമാസം 1000 രൂപ വരുമാനമില്ലാത്ത 233 ഗുണഭോക്താക്കൾക്ക് തൊഴിൽരഹിതവേതനം നല്കിയതിൻെറ നിജസ്ഥിതി ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ജോലിചെയ്യാൻ മറ്റുവിധത്തിൽ അവശതയുള്ള വിഭാഗങ്ങൾക്ക് അവർക്കർഹമായ പെൻഷനും സർക്കാർ ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്ന ഗുണഭോക്താകളുടെ വേതനത്തിനുള്ള അർഹത വ്യക്തമായി പരിശോധിച്ച്

അനർഹരെ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതായി മിനുട്സിൽ കാണുന്നത് അഭിനന്ദാർഹമാണ്.03.11.2017ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 32(ബി)/17 നമ്പർ തീരുമാനപ്രകാരം 11 അപേക്ഷകൾ വരുമാനപരിധി കവിഞ്ഞതിനാൽ നിരസിച്ചിട്ടുണ്ട്.01.12.2017ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 33(ഡി)/17 നമ്പർ തീരുമാനപ്രകാരം നിലവിൽ തൊഴിൽ രഹിത വേതനം ലഭിച്ചുകൊണ്ടിരിക്കുന്ന 07അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്ത് കമ്മിറ്റി നിലവിൽ തൊഴിൽ രഹിത വേതനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുന്നതിനാവശ്യമായ നടപടികൾ തുടർന്നും സ്വീകരിക്കേണ്ടതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുമാണ്

## 3-11 റെസ്റ്റോറേഷന് ചാർജ് ഈടാക്കിയില്ല.

പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് പഞ്ചായത്ത് ഈടാക്കേണ്ടിയിരുന്ന റെസ്റ്റോറേഷൻ ചാർജ് ഈടാക്കാതിരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ചെലവ് |
|---|---|
| So 106/17-18 മദ്രസ്സ മാളിക്കടവ് റോഡ്<br>കരാറുകാരൻ - ശ്രീ.റിത്തു.എം.വി കരാർ നമ്പർ - 50/17-18/ 28-02-2018 | 14,94,994 (മെയിന്റനൻസ് ഗ്രാന്റ് റോഡ്<br>ബിൽ - 160/17-18) 23.3.2018 |
| So 105/17-18നങ്ങണ്ടൂർ കാരാട്ട് താഴം റോഡ്<br>കരാറുകാരൻ - ശ്രീ.റിത്തു.എം.വി കരാർ നമ്പർ - 51/17-18/ 21-03-2018 | 9,99,984 (മെയിന്റനൻസ് ഗ്രാന്റ് റോഡ്<br>ബിൽ - 155/17-18) 21-03-18 |

മേൽ പ്രവർത്തികൾ റീ ടാറിങ്ങ് പ്രവർത്തിയ്ക്കായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിലും KSEB കേബിൾ ഇടുന്നതിന് കുഴികൾ എടുത്തതിനാലും റിലയൻസ് ഐഡിയ മൊബൈൽ കമ്പനികൾ കേബിൾ ഇട്ടതു കാരണവും റോഡ് പൂർണ്ണമായും തകർന്നതിനാൽ റോഡ് ഉയർത്തി ഫേർമേഷൻ ചെയ്യുന്നതിന് പ്രൊജക്റ്റുകൾ റിവൈസ് ചെയ്താണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രവർത്തികൾക്കായി KSEB, ടെലഫോൺ കമ്പനികൾ എന്നിവരിൻ നിന്ന് റസ്റ്റോറേഷൻ ചാർജ് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുകയോ സ്ഥാപനങ്ങൾ സ്വമേധയാ അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ തുടർന്നുള്ള മുഴുവൻ ചെലവും പഞ്ചായത്ത് തന്നെയാണ് വഹിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ റസ്റ്റോറേഷൻ ചാർജ് പഞ്ചായത്ത് ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-12 സമയ ബന്ധിതമായി പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല

പ്രൊജക്റ്റ് - So 166/17-18, കുറുക്കൻ കുന്ന് റോഡ്

കരാറുകാരൻ - ശ്രീ.ടി.വി.സുരേഷ് കുമാർ
ചെലവ് തുക - 3,87,929 ( വികസന ഫണ്ട് ,എസ്.സി.പി)

- ബിൽ - 1/17-18/30-06-2017)

കരാർ നമ്പർ - 28 B/15-16/ 16-09-2015

2015-16 വർഷം നടപ്പിലാക്കുന്നതിനായി ശ്രീ.ടി.വി.സുരേഷ് കുമാർ എന്ന കരാറുകാരനെ പ്രവർത്തി ഏൽപ്പിച്ച് കരാറിലേർപ്പെട്ടിരുന്നു എന്നാൽ കരാർ പ്രകാരമുള്ള സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കി കാണുന്നില്ല. പ്രവൃത്തികൾ പൂർത്തിയാകുന്നതിൽ കാല താമസത്തിന് കാരണം എന്തെന്ന് ഫയലിൽ വ്യക്തമല്ല. പ്രവൃത്തി പൂർത്തിയാക്കേണ്ട സമയം സംബന്ധിച്ച് പ്രൊജക്ട് കലണ്ടർ കരാറിനോടൊപ്പം കാണുന്നില്ല. കരാർ വയ്ക്കുന്നതിനായി കരാറുകാരന് സെലക്ഷൻ മെമ്മോ അയയ്ക്കുക, പ്രവൃത്തി ആരംഭിയ്ക്കുന്നതിനായി സ്ഥലം കൈമാറൽ എന്നിവ സംബന്ധിച്ച് രേഖകളൊന്നും ഫയലിൽ ഇല്ല. നിർദ്ദിഷ്ട സമയത്തിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരനെതിരെ നടപടി സ്വീകരിച്ചതിന്റെ രേഖകളൊന്നും ഫയലിൽ കാണുന്നില്ല. 14.12.2016 ന് വാർഡ് മെമ്പർ കരാറുകാരന് കത്തെഴുതി 15.01.2017 നകം പ്രവർത്തി പൂർത്തിയാക്കാൻ ആവശ്യപ്പെടുന്നുണ്ട്. എന്നിട്ടും പ്രവർത്തി പൂർത്തിയാക്കാതിരുന്നിട്ടും 16-01-17 ന് പഞ്ചായത്ത് ഈ പ്രവൃത്തിയിൽ സോളിങ്ങ്, മെറ്റലിങ്ങ് എന്നിവയോടൊപ്പം റോഡിന്റെ കയറ്റമുള്ള ഭാഗത്ത് കോൺക്രീറ്റ് കൂടി ഉൾപ്പെടുത്തി പ്രോജക്റ്റ് റിവൈസ് ചെയ്ത് ഇതേ കരാറുകാരനെ ചുമതലപ്പെടുത്തി. കരാറുകാരൻ 03-03-17 ന് പ്രവൃത്തി തുടങ്ങി 21-03-17 ന് പൂർത്തിയാക്കി (MB 218/16-17). ഇത്തരത്തിലുള്ള കാലതാമസം ഉണ്ടായിട്ടും ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരനിൽ നിന്ന് പിഴയൊന്നും ഈടാക്കാതെയാണ് ബിൽ തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ.(പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ച നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തിയിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷ പോലും നൽകിയിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയ നടപടി ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. 16-09-2015 കരാർവെച്ച പ്രവർത്തി ആരംഭിയ്ക്കുന്നത് 03-03-2017 നാണ് (MB-218/16-17). പ്രവർത്തി നടക്കുന്നതിനിടയിൽ നാട്ടുകാരുടെ പ്രതിഷേധം കാരണമാണ് പ്രവർത്തിപൂർത്തിയാകാൻ വൈകിയത് എന്ന മറുപടി, ഇതു സംമ്പന്ധിച്ച യാതൊരു രേഖയും ഫയലിൽ ഇല്ലാത്തതിനാൽ അംഗീകരിക്കാനാവില്ല. കരാറുകാരനിൽ നിന്ന് പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## **3-13** <u>ഗ്രാമ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് മുൻപ് ഗ്രാമ കേന്ദ്രങ്ങളിലേയ്ക്ക് ഫർണിച്ചർ വാങ്ങി</u>

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രൊജക്ട് നമ്പർ – 8/18

വകയിരുത്തിയ തുക – 493728 /- ലോകബാങ്ക് ധനസഹായം.

ചെലവ് ബിൽ നമ്പർ/തിയ്യതി – 1. 14/17-18 തി. 27.09.2017 – 4,00,000/-
2. 15/17-18 തി. 27.09.2017 – 27363/-

ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിൽ ഗ്രാമകേന്ദ്രങ്ങളിലേയ്ക്ക് ഫിഡ്കോ എന്ന സ്ഥാപനത്തിൽ നിന്ന് 4,27,363/- രൂപയ്ക്ക് 20 മേശ, 21 അലമാര, 483 കസേര എന്നിവ വാങ്ങിയിട്ടുണ്ട്. പഞ്ചായത്തിൽ നിലവിൽ 14 ഗ്രാമകേന്ദ്രങ്ങളാണ് നിർമ്മിച്ചിട്ടുള്ളത്. 4 എണ്ണം 2019-20 ൽ നിർമ്മിക്കുമെന്നറിയിച്ചിട്ടുണ്ട്. കെട്ടിട

സൌകര്യം ഒരുക്കുന്നതിനു മുൻപേ ഫർണിച്ചറുകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 4,27,363/- രൂപ തടസ്സം ചെയ്യുന്നു.

## 3-14 നിക്ഷേപ പ്രവർത്തികൾക്ക് മുൻകൂർ നൽകിയത് പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനയായി താഴെ പറയുന്ന നിക്ഷേപ പ്രവൃത്തിയ്ക്ക് മുൻകൂർ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ചെലവ് തുക | റിമാർക്കസ് |
|---|---|---|
| എസ്.ഒ.69/18<br>ന്യൂ ബസാർ കൈതമോളി ത്താഴം റോഡ് | 400000<br>തനത് ഫണ്ട്<br>ചെക്ക് നമ്പർ 3823822/8.3.18 | ഇറിഗേഷൻ വകുപ്പിന് തുക നൽകി |
| എസ്.ഒ.6/18<br>സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 66500<br>ധനകാര്യ കമ്മീഷൻ<br>ബിൽ നം, 24/17-18 /17-2-18 | KSEB കക്കോടിയ്ക്ക് തുക നൽകി |

29-03-2017 ലെ ജി.ഒ (എം.എസ്) 72/2017/തസ്വഭവ ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ 8.3(17) പ്രകാരം നിക്ഷേപ പ്രവർത്തികൾക്ക് മുൻകൂർ നൽകണമെങ്കിൽ ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണ് എന്നുള്ള വ്യവസ്ഥ പാലിയ്ക്കാതെയാണ് തുക കൈമാറിയത്. കൂടാതെ തുക വിനിയോഗിച്ച് നാളിതുവരെ പദ്ധതി പൂർത്തിയാക്കി വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ഇടപെടൽ കാണുന്നില്ല. കൂടാതെ ഒന്നാമത്തെ പ്രവർത്തിയിൽ ഇറിഗേഷൻ വകുപ്പിന് റോഡ് നിർമ്മാണപ്രവർത്തിയ്ക്ക് തുക നിക്ഷേപിച്ചതിനുള്ള കാരണം വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറിപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 പൊതു മരാമത്ത് പ്രവർത്തി ബില്ലിൽ നിന്ന് നികുതി ഈടാക്കുന്നത് സംബന്ധിച്ച്

2017-18 വർഷത്തിൽ 1-11-2017 ലെ ജി ഒ (പി) 87 / 2017/തസ്വഭവ ഉത്തരവിലെ നിർദ്ദേശപ്രകാരം 1-7-2017 നു ശേഷമുള്ള പൊതുമരാമത്ത് പ്രവർത്തികളിൽ ബിൽ തുകയിൽ നിന്ന് ജി.എസ്.ടി ഈടാക്കിയിട്ടില്ല പഞ്ചായത്തിലെ പൊതു മരാമത്ത് പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ് വെയർ വഴി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചപ്പോൾ എല്ലാ പ്രവൃത്തികൾക്കും ജി.ഓ(ആർ.ടി)2480/ 2010/ തസ്വഭവ/29.07.2010 നമ്പർ ഉത്തരവ് പ്രകാരം 10% ഓവർ ഹെഡ് ചാർജ് അനുവദിച്ചാണ് ടാക്സ് കണക്കാക്കുന്നത്. ടാക്സ് പ്രൊവിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ക്കാണ് ഓവർ ഹെഡ് ചാർജ് ഡാറ്റയിൽപെടുത്തുന്നത്. എന്നാൽ പ്രവർത്തിബില്ലിൽ നിന്ന് 1% ആദായ നികുതിയും 1% തോഴിലാളി ക്ഷേമനിധിയും മാത്രമേ ഈടാക്കുന്നുള്ളൂ. ആയതിനാൽ കരാറുകാരനിൽ നിന്ന് ജി.എസ്.ടി.ഈടാക്കാത്ത സാഹചര്യ ത്തി ൽ ഓവർ ഹെഡ്ചാർജിലെ ഈയിനത്തിലെ ടാക്സ് പ്രൊവിഷൻ കരാറുകാരിൽ നിന്ന് തിരികെ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി

ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-16 റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു

ഗ്രാമപഞ്ചായത്ത് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ്- 29-3 -2017 ലെജി.ഒ (എം.എസ്) 72/2017/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) പ്രകാരം പഞ്ചായത്ത് റോഡ് കണക്ടി വിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത് പഞ്ചായത്ത് തൻവർഷം പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കുന്ന തിന് തയ്യാറാക്കിയിട്ടുള്ള 206 പദ്ധതികളിൽ ഭൂരിഭാഗവും റോഡ് പ്രവർത്തികളാണ് സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ നടപ്പിലാക്കു ന്നത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെ ചെയിനേജ് വ്യക്തമാക്കാതെ പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്ടിവിറ്റി ഉറപ്പ് വരുത്തി സമഗ്രപദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്

## 3-17 ഭവനശ്രീ അക്കൗണ്ട് തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ് വഴി കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതിയായിരുന്നു ഭവനശ്രീ. ഈ പദ്ധതിയുടെ എല്ലാ ബാധ്യതകളും സർക്കാർ ഏറ്റെടുക്കുകയും പദ്ധതി അവസാനിപ്പിക്കുകയുംചെയ്തിട്ടുള്ളതാണ്. പഞ്ചായത്ത് സി.ഡി.എസ് ഈ പദ്ധതിയ്ക്കായി തുടങ്ങിയ അക്കൗണ്ട് ഇതുവരെയും അവസാനിപ്പിച്ചിട്ടില്ല. ചേളന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ 7989 നമ്പരിലുള്ള ഭവന ശ്രീ അക്കൗണ്ടിൽ 29-09-2018 ൽ 1,07,810 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ച് അക്കൗണ്ട് ക്ലോസ് ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി തുക ഉടനെ അടവാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-18 വനിതാ വ്യവസായ കേന്ദ്രം പ്രവർത്തിക്കുന്നില്ല

പഞ്ചായത്തിലെ 7ാം വാർഡിൽ നിർമ്മിച്ചിട്ടുള്ള കുടത്തും പൊയിൽ വനിതാവ്യവസായ കേന്ദ്രത്തിൽ ത്രീ ഫേസ് കണക്ഷൻ ലഭ്യമാക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. (എസ്.ഒ.9/17-18, 56848/-) 2014-15 വർഷത്തിൽ ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ നിർമ്മിച്ച കെട്ടിടത്തിൽ ഇതു വരെ വ്യവസായങ്ങളൊന്നും സ്ഥാപിച്ചിട്ടില്ല. വനിതാ സംരംഭകർക്ക് തൊഴിൽയൂണിറ്റ് സ്ഥാപിക്കുന്നതിനാണ് കെട്ടിടം സ്ഥാപിച്ചിട്ടുള്ളത്. വ്യവസായങ്ങൾ വികസിപ്പി ക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണെന്നിരിക്കെ അടിസ്ഥാന സൌകര്യങ്ങ ളുണ്ടായിട്ടും വ്യവസായങ്ങളൊന്നും തുടങ്ങാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടം ഉപയുക്തമാക്കി വിശദമായ മറുപടി നൽകേണ്ടതാണ്.

## 3-19 തൊഴിലുറപ്പ് പദ്ധതി അവലോകനം

| | |
|---|---|
| 2017-18 വർഷത്തെ മൊത്തം അടങ്കൽ | 2,00,10,000/- |

| | | | |
|---|---|---|---|
| 2017-18 വർഷത്തെ വർഷത്തെ മുൻബാക്കി | 1,44,270/- | | |
| 2017-18 വർഷത്തെ ആകെ വരവ് | 1,30,65,876/- | | |
| 2017-18 വർഷത്തെ ആകെ ചെലവ് | 1,31,79,210/- | | |
| 2017-18 വർഷത്തെ വർഷത്തെ വർഷാന്ത്യ നീക്കിയിരിപ്പ് | 30,936/- | | |
| 2017-18 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | ആരംഭിച്ച പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം |
| ആക്ഷൻപ്ളാൻ പ്രകാരം | 117 | 111 | 17 |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 3765 | | |
| 2017-18 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽദിനങ്ങൾ | 40374 | | |
| പട്ടികജാതി | 7766 | | |
| പട്ടികവർഗ്ഗം | --- | | |
| മറ്റുള്ളവർ | 32608 | | |
| ആകെ | 40374 | | |
| സ്ത്രീകൾ | 38363 | | |
| പുരുഷന്മാർ | 2011 | | |
| 2017-18 വർഷത്തിൽ 100തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 129 | | |

| | |
|---|---|
| | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ തൊഴിൽരഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | ഇല്ല |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ വിതരണം ചെയ്ത വേതനം | ഇല്ല |

തൊഴിലുറപ്പ് പദ്ധതി വിവരങ്ങൾ 2017-18

| | എസ്.സി | എസ്.ടി | ജനറൽ | ആകെ |
|---|---|---|---|---|
| രജിസ്ട്രേഷൻ | 365 | --- | 3400 | 3765 |
| ആകെ തൊഴിലാളികൾ | 120 | --- | 918 | 1038 |
| സൃഷ്ടിച്ച തെഴിൽ ദിനങ്ങൾ | 7766 | --- | 32608 | 40374 |
| 100 ദിനം പൂർത്തിയാക്കിയവർ | 24 | --- | 105 | 129 |
| ചെലവഴിച്ച തുക | കൂലിയിനം | മെറ്റീരിയൽ | ഭരണ ചെലവ് | ആകെ |
| | 10633444 | 1279508 | 893000 | 12805952 |

## **3-20** പൊതു മരാമത്ത് പ്രവർത്തികൾ– ആസൂത്രണത്തിലെയും പദ്ധതി നടത്തിപ്പിലെയും പോരായ്മകൾ

കേരള പഞ്ചായത്ത് രാജ് നിയമം 162 എ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്. ഈ മേഖലയിൽ 2017-18 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും ചുവടെ ചേർത്തിരിക്കുന്ന വീഴ്ചകൾ ഉണ്ടായിട്ടുണ്ട്.

1) പൊതു മരാമത്ത് പ്രവർത്തികൾ സമയബന്ധതമായി പൂർത്തീകരിയ്ക്കാത്തത് മൂലം ഫണ്ട് നഷ്ടമാകുന്നു.

പഞ്ചായത്തിൽ തൻവർഷം പൊതു മരാമത്ത് മേഖലയിൽ 206 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 150 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ ആകെ 5,41,51,131 രൂപ വകയിരുത്തിയതിൽ 3,68,91,072 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (68%) സമയ ബന്ധിതമായി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. പുതിയ പ്രവൃത്തികളേറെയും, ജനവരി ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മാത്രമാണ് കരാറിലേർപ്പെട്ട് ആരംഭിച്ചിട്ടുള്ളത്. ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെയല്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം പഞ്ചായത്തിന്റെ വികസന ത്തിന് ഉപയോഗിക്കാൻ പറ്റാതെ ഇത്തരത്തിൽ പാഴായിപ്പോയിട്ടുണ്ട്. 46 പദ്ധതി കൾ തൻവർഷം പൂർത്തീകരിയ്ക്കാൻ സാധിച്ചിട്ടില്ല.പഞ്ചായത്ത് 2016-17 വർഷത്തിൽ നടപ്പിലാക്കാനായി അംഗീകാരം വാങ്ങി യിട്ടുള്ള ചില പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ പൂർത്തീകരിച്ച് ബിൽ തുക നൽകിയിരുന്നില്ല. ഇതുകാരണം 2016-17 ൽ ഇതിനായി ലഭിച്ച ഫണ്ട് പാഴായി പോയ അവസ്ഥ ഉണ്ടായി. മാത്രമല്ല 2017-18 മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് ബിൽ തുക നൽകിയതിനാൽ 2017-18 വർഷത്തിൽ ലക്ഷ്യം കണ്ട പദ്ധതി പ്രവർത്തനങ്ങൾക്ക് ഫണ്ട് കുറയാൻ ഇടയായിട്ടുണ്ട്.

2) ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കു മ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 206 പ്രവർത്തികളിൽ 75% പ്രവർത്തികളും റോഡ് നടപ്പാതാ വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ വാർഡ് തലത്തിൽ ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. തൻ വർഷം തുക വകയിരുത്തി നടപ്പിലാക്കാത്ത 46 പ്രവർത്തികളിൽ കിണർ നിർമ്മാണം കുടിവെള്ള പദ്ധതികൾ, മിനി എം. ആർ. എഫ് നിർമ്മാണം, അങ്കണവാടി നവീകരണം എന്നിവ ഉൾപ്പെടുന്നുണ്ട് പഞ്ചായത്ത് അനിവാര്യമായും മുൻഗണന നൽകിയും സമയ ബന്ധിതമായും നടപ്പിലാക്കേണ്ട ഇത്തരം പ്രവൃത്തികൾക്ക് ഫണ്ട് വകയിരുത്തി നടപ്പിലാക്കാതെ പാഴാക്കുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി കാരണത്താൽ കരാറുകാർ പ്രവർത്തി ഏറ്റെടുക്കാൻ വൈകിയതിനാലാണ് പ്രവർത്തി പൂർത്തീകരണം വൈകിയതെന്ന് അറിയിച്ചിട്ടുണ്ട്.

1-11-2017 ലെ ജി ഒ (പി) 87 / 2017/ത സ്വഭവ ഉത്തര വിലെ നിർദ്ദേശപ്രകാരം 1 -7 - 2017 ന ശേഷമുള്ള പൊതുമരാമത്ത് പ്രവർത്തിക ളിൽ ബിൽ തുകയിൽ നിന്ന് ജി.എസ്.ടി ഈടാക്കേണ്ടതില്ല ഉത്തരവ് ഉണ്ടായിട്ടുണ്ട്. എന്നിട്ടും പ്രവർത്തികൾ സാമ്പത്തികവർഷത്തിന്റെ അവസാനകാലത്തേയ്ക്ക് കൊണ്ടു പോയതും പൂർത്തീകരിയ്ക്കാൻ സാധിക്കാതിരുന്നതും ആസൂത്രണത്തിൽ വന്ന പോരായ്മയാണ്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | പ്രൊജക്ടിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| ബ്ലോക്ക് | 2017-18 | 348500 | നെൽകൃഷി വികസനം | 348500 | 0 | പൂർത്തീകരിച്ചു |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത് | | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 42500 | പച്ചക്കറി വികസനം | 42500 | 0 | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | അങ്കണവാടി പോക്ഷകാഹാരം | 100000 | 0 | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 | പൂർത്തീകരിച്ചു |
| ജില്ല പഞ്ചായത്ത് | 2017-18 | 375000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 73950 | 301050 | സ്പിൽ ഓവർ ആക്കിയിട്ടുണ്ട് |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | കിണർ റീചാർജിംഗ് | 0 | 200000 | പ്രോജക്ട് ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | പടിഞ്ഞാറ്റമുറി അങ്കണവാടി | 0 | 500000 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1000000 | കുഴിക്കാട്ടുമീത്തൽ കുടിവെള്ളപദ്ധതി | 0 | 100000 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | ഒറ്റപിലാക്കൽ കുടിവെള്ളപദ്ധതി | 0 | 500000 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| ജില്ല പഞ്ചായത്ത് | 2017-18 | 700000 | ഒറ്റപിലാക്കൽ കുടിവെള്ളപദ്ധതി | 0 | 700000 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ക്ഷീരകർഷകർക്ക് പാലിന് | 300000 | 0 | പൂർത്തീകരിച്ചു |
| ജില്ല പഞ്ചായത്ത് | 2017-18 | 50000 | ക്ഷീരകർഷകർക്ക് പാലിന് | 50000 | 0 | പൂർത്തീകരിച്ചു |
| ജില്ല പഞ്ചായത്ത് | 2017-18 | 100000 | ക്ഷീരകർഷകർഷക ഗ്രാമം | 100000 | 0 | പൂർത്തീകരിച്ചു |

ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി സംയുക്തമായി നടപ്പാക്കുവാൻ വിഭാവനം ചെയ്ത കിണർ റീചാർജിംഗ് എന്ന പ്രോജക്ട് ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രോജക്ട് തയ്യാറാക്കാതിരുന്നതിനാൽ നടപ്പാക്കാൻ കഴിഞ്ഞില്ല. ഈ പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച 200000 രൂപ അടിയന്തിരമായി തിരിച്ചടക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ പേര് | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അസിസ്റ്റന്റെ് എഞ്ചിനീയർ, കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ, പേരാമ്പർ | നൃൂബസാർ - കൈതമോളിത്താഴം റോഡ് | 21700890, 12.03.2018 | 4,00,000 | ---------- | 4,00,000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് വലിക്കൽ | ബിൽ നമ്പർ 49/17-18 തീയതി 31.1.2018 | 66500 | ----------- | 66500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 3000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോഴിക്കോട് ജില്ല സഹകരണ ആശുപത്രി ഷെയർ | 2500/- |
| ജില്ലാ ഫാർമേഴ്സ് സീഡ്സ് വിപണന കേന്ദ്രം ഷെയർ | 500/- |
| ആകെ | 3000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-2 | 944 | നാരായണൻ ചാന്നാരി | 117050111295/31.03.2018 |
| 2016-17 | 2-2 | 720 | രാധ.പി | 11605108722/<br>17.10.2017 |
| 2016-17 | 2-2 | 2970 | മജീദ് വിസ്മയ ട്രേഡേഴ്സ് | 117050107932/23.12.2017 |
| 2016-17 | 2-2 | 2400 | കാവേരി ഓഫ് സെറ്റ് പ്രസ്സ് | 117050108739/06.02.2018 |
| 2016-17 | 2-2 | 2500 | പെട്രോൾ പമ്പ് | 117050108801/23.06.2017 |
| 2016-17 | 2-2 | 480 | കൈരളി കയർ | 117050102139/23.06.2017 |
| 2016-17 | 2-5 | 45457 | 16/584Aദിലീപ് (ടവർ) | 117050500025/06.02.2018 |
| 2016-17 | 2-5 | 25728 | ബിജു.ടി.നായർ17/621(ടവർ) | 117050500048/30.03.2018 |
| 2016-17 | 2-5 | 62051 | 5/202 ബാലാജി (ടവർ) | 117050500018/27.11.2.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | സമിതി പരി ഗണിച്ചതിന്റെ വിവരം |
|---|---|---|---|---|---|
| 2004-05 | പൊതുപരാമർശം<br>11.1.3.11 | 2000-01 | | നികുതിപിരിവിൽ അലംഭാവം | പരാമർശം തുടരുന്നു. |
| 2004-05 | പൊതുപരാമർശം<br>11.1.3.51.117 | 2000-01 | | നികുതിപിരിവിൽ അലംഭാവം | പരാമർശം തുടരുന്നു. |
| 2013-14 | 6.3.1<br>187 | | | സോഷ്യൽ ഓഡിറ്റ് കമ്മറ്റി | |
| 2005-06 | 2.70.14<br>28/80 | 2001-02 | | നികുതിപിരിവിൽ അലംഭാവം | |
| 2016-17 | അനുബന്ധം 4<br>187 | 2014-15 | 2-2 | തൊഴിൽ നികുതി അപാകതകൾ | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഒഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 85003993 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93148289 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1645 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1030615 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|
| 3-8 | 1645 | ശ്രീ.ഒ.കെ. സാദിക്ക്, ഹെഡ്മാസ്റ്റർ | ശ്രീ.ഒ.കെ. സാദിക്ക്, ഹെഡ്മാസ്റ്റർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | അപാകത പരിഹരിക്കാൻനടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥന്റെ പേരുംഉദ്യോഗപേരും |
|---|---|---|---|
| 3-7 | 25000 | ശ്രീ.ഒ.കെ. സാദിക്ക്,ഹെഡ്മാസ്റ്റർ | ശ്രീ.ഒ.കെ. സാദിക്ക്, ഹെഡ്മാസ്റ്റർ |
| 3-8 | 9152 | ശ്രീ.ഒ.കെ. സാദിക്ക്,ഹെഡ്മാസ്റ്റർ | ശ്രീ.ഒ.കെ. സാദിക്ക്, ഹെഡ്മാസ്റ്റർ |
| 3-9 | 2600 | ശ്രീ.ഒ.കെ. സാദിക്ക്, ഹെഡ്മാസ്റ്റർ | ശ്രീ.ഒ.കെ. സാദിക്ക്, ഹെഡ്മാസ്റ്റർ |
| 3-10 | 100000 | ശ്രീ.ഒ.കെ. സാദിക്ക്, ഹെഡ്മാസ്റ്റർ | ശ്രീ.ഒ.കെ. സാദിക്ക്, ഹെഡ്മാസ്റ്റർ |
| 3-14 | 427363 | ശ്രീ.ബി. ബാബുപ്രസാദ്, സെക്രട്ടറി | ശ്രീ.ബി. ബാബുപ്രസാദ്, സെക്രട്ടറി |
| 3-15 | 466500 | ശ്രീ.ബി. ബാബുപ്രസാദ്, സെക്രട്ടറി | ശ്രീ.ബി. ബാബുപ്രസാദ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബി. ബാബുപ്രസാദ്, സെക്രട്ടറി | ശ്രീ.ബി. ബാബുപ്രസാദ്, സെക്രട്ടറി, കക്കോടി ഗ്രാമപഞ്ചായത്ത് | ശ്രീപത്മം,വേങ്ങേരി.പി.ഓ , കോഴിക്കോട് 673010 |
| ശ്രീ.ഒ.കെ. സാദിക്ക്, ഹെഡ്മാസ്റ്റർ | ശ്രീ.ഒ.കെ. സാദിക്ക്, ഹെഡ്മാസ്റ്റർ, ജി.യു.പി സ്കൂൾ, പടിഞ്ഞാറ്റുംമുറി | വേങ്ങാത്തൊടിയിൽ നരിക്കുനി പി.ഒ, കോഴിക്കോട് 673585 |

## 4-10 തിർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെട്ടു വിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ നമ്പറും തിയ്യതിയും | തീർപ്പാക്കാ ൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശം |
|---|---|---|---|
| 1983-84 | എൽ. എഫ്.കെ. കെ.ഡി.പി.2 /148109(1)/തി.29.04.10 | 5 | 11(2), 11(3), 21(a), 23,26 |
| 1984-85 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1481/(2)തി.29.04.10 | 3 | 7IB),11(B),15 |
| 1990-91<br>1991-92 | എൽ. എഫ്.കെ.കെ.ഡി.പി.2/ 148109/(6)തി.29.04.10 | 1 | 12 |
| 1994-95<br>1995-96 | എൽ. എഫ്.കെ.കെ.ഡി.പി.2/ 148109/(8)തി.29.04.10 | 8 | 11,12,18,17 (1,2)<br>21,22,24(3),24(5) |
| 1996-97 | എൽ. എഫ്.കെ.കെ.ഡി.പി.2/ 148109/(9)തി.29.04.10 | 5 | 12,25,29,35,24 |
| 1997-98 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1778/13(6) തി.19.09.14 | 3 | 40 (d),40(L),40(M) |
| 1998-99 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1778/13(7) തി.19.09.14 | 12 | 24(a),25,33,34,35,41,42, 44,45,46,47,51 |

| | | | |
|---|---|---|---|
| 1999-00 പ്ലാൻ | എൽ. എഫ്.കെ. .കെ.ഡി.പി.2/ 1778/13(9) തി.19.09.14 | 14 | 10,14(1),14(2),14(3), 14(4),15,16(2),16(3),16(4),16(5), 17(1),17(1 ) (b) 17(1 )(c)17(2) |
| 1999-00 ഡി.സി.ബി | എൽ. എഫ്.കെ. .കെ.ഡി.പി.2/ 1778/13(8) തി.19.09.14 | 4 | 9.10,11,12 |
| 2000-01 പ്ലാൻ | എൽ. എഫ്.കെ കെ.ഡി.പി.2/ 1206/14(1)തി.15.06.15 | 9 | 11(3),13,14,19,21(1), 21(2),21(3),22(1), 24(1) |
| 2001-02 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1206/14(2)തി.15.06.15 | 2 | 3-5, 3-10(2) |
| 2001-02 പ്ലാൻ | എൽ. എഫ്.കെ. കെ.ഡി.പി.2/ 1206/14തി.15.06.15 | 1 | 6 |
| 2002-03 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1206/14.തി.15.06.15 | 11 | 2-1,2-2,2-3,3-1,3-2, 3-3,3-5,3-8,3-11,3-16 ,3-17 |
| 2003-04 | എൽ. എഫ്.കെ. കെ.ഡി.പി.2/1206 /14(5)തി.15.06.15 | 4 | 3-6, 3-7, 3-9, 4-2 |
| 2004-05 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1206/14(6)തി.15.06.15 | 13 | 2-2, 2-4, 3-1, 3-2, 3-6, 3-8, 3-9, 3-12, 3-13, 3-15,3-16, 3-17, 3-18 |
| 2005-06 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1920/14തി.03.06.15 | 10 | 3-3, 3-4, 3-6(1,2), 3-8, 3-9, 3-10, 3-13, 3-15, 3-16, 3-18 |

| | | | |
|---|---|---|---|
| 2006-07 | എൽ. എഫ്.കെ. .കെ.ഡി.പി.2/ 698/2015തി.09.06.15 | 21 | 1-d, 2-5, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-21(1), (2), 3-22, 3-23, 3-24, (1), 4-3, 4-7 |
| 2007-08 | എൽ. എഫ്.കെ. .കെ.ഡി.പി.2/ 348/12.തി.14.11.12 | 31 | 1-6, 2-1,2-2(1 to8), 2-3(1,3,4,5),2-4(1,3), 2-5(1,2), 2-6, 2-7, 2-8, 2-9, 3-1,3-2(abc),3-3, 3-4,3-5,3-6,3-8,3-9.3-11 3-12, 3-13, 3-14, 3-16, 3-17,3-18,3-19,3-21 ,3-22, 3-23, 3-24,3-25 |
| 2008-09 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1592 /12.തി.10.06.13 | 27 | 1-3, 1-7, 2-1, 2-4, 2-5(1,2), 2-6, 2-7, 2-8, 2-9,2-10, 2-11, 3-2, 3-3, 3-4(1to5)3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13,3-14, 3-15 ,3-16, 4-3 |
| 2009-10 2010-11 | കെ.എസ്.എ.കെ.കെ.ഡി/പി14/ 1779/2015 തി.05.12.15 | 13 | 1-4,2-1,2-2,(123),2-3, 2-5,3-3,3-4,3-6, 3-9, 3-12,3-16,3-17,3-20, |

| | | | |
|---|---|---|---|
| | | | |
| 2011-12<br>2012-13 | കെ.എസ്.എ.കെ.കെ.ഡി.പി.12/387/14.1തി.06.05.15 | 32 | 1-1, 1-2, 2-1,(1,2) 2-2,(3)<br>2-3(1),3-1, 3-2, 3-3,<br>3-4,3-5, 3-6, 3-7,3-8 ,<br>3-9, 3-10,3-12, 3-13<br>3-14, 3-15,3-18,3-19,<br>3-19, 3-20,3-21, 3-22,<br>3-23 3-,24,4-1, 4-2<br>4-3,4-4,4-11 |
| 2013-14<br>2014-15 | കെ എസ് എ/കെ കെഡി/പി12 /424/16 തീ-01.04.2016 | 21 | 2-1,3-1, 3-2, 3-3,<br>3-4,3-5, 3-6, 3-7,3-8 ,<br>3-9, 3-13 3-15<br>,3-16(1,2) |
| 2015-16 | കെ എസ് എ/ കെ കെ/ഡി/പി /9/1309/17തീ-17-1-18 | 16 | 2-2,3-1, 3-3,3-4,3-5,<br>3-6, 3-7,3-8 , 3-11,3-13,<br>3-14, 3-15,3-16, 3-17,<br>3-18,,4-9 |
| 2016-17 | കെ എസ് എ/ കെ കെ/ഡി/പി /9/1834/17തീ-28-3-18 | 33 | 2-1,2-2,2-3(1,2),2-4, (2,3)2-5,2-6,2-7,2-8,3-1, 3-3(3,5,6,7)3-4,3-5, 3-6, 3-7(3) 3-9, 3-10,3-11,<br>3-12, 3-13,3-14, 3-15,<br>3-16(1,2,34), 3-17<br>3-18,3-19, 3-20,<br>3-21, 3-22,3-23 3-,24, |

| | | | | |
|---|---|---|---|---|
| | | | | 3-25,4-9 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി.16/143/2019 തിയതി:12.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കക്കോടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.